## SREE SANKARACHARYA UNIVERSITY OF SANSKRIT, KALADY

## Confirmed Minutes of the 09/22 (204th) Meeting of the Syndicate held on 07.12.2022 at 11.00 am at University Head Quarters, Kalady

**Members Present:**

1. ഡോ. എം.വി. നാരായണൻ, വൈസ് ചാൻസലർ, അദ്ധ്യക്ഷൻ - ഒപ്പ്
2. ഡോ.കെ. മുത്തുലക്ഷ്മി, പ്രോ വൈസ് ചാൻസലർ - ഒപ്പ്
3. പ്രൊഫ. ഡി. സലിംകുമാർ, സിൻഡിക്കേറ്റംഗം - ഒപ്പ്
4. ഡോ. ബിച്ചു എക്സ്. മലയിൽ, സിൻഡിക്കേറ്റംഗം - ഒപ്പ്
5. ഡോ. സി. എം മനോജ് കുമാർ, സിൻഡിക്കേറ്റംഗം - ഒപ്പ്
6. പ്രൊഫ. എസ്. മോഹൻദാസ്, സിൻഡിക്കേറ്റംഗം - ഒപ്പ്
7. ഡോ. കെ. എം. അനിൽ, സിൻഡിക്കേറ്റംഗം - ഒപ്പ്
8. ഡോ. ബീന ഐസക്, സിൻഡിക്കേറ്റംഗം - ഒപ്പ്
9. ഡോ. പി. ശിവദാസൻ, സിൻഡിക്കേറ്റംഗം - ഒപ്പ്
10. ഡോ. എം. മണിമോഹനൻ, സിൻഡിക്കേറ്റംഗം - ഒപ്പ്
11. ഡോ. പി.വി. രാമൻകുട്ടി, സിൻഡിക്കേറ്റംഗം - ഒപ്പ്
12. ഡോ. ആർ. ശശിധരൻ, സിൻഡിക്കേറ്റംഗം - ഒപ്പ്
13. പ്രൊഫ. തോമസ് കെ ജോബ്, സിൻഡിക്കേറ്റംഗം - ഓൺലൈൻ
14. ശ്രീമതി. കാഞ്ചന ടി, അഡീഷണൽ സെക്രട്ടറി, ധനകാര്യ വകുപ്പ് - ഓൺലൈൻ

കൂടാതെ ഡോ. ഗോപാലകൃഷ്ണൻ എം.ബി (രജിസ്ട്രാർ) പങ്കെടുത്തു.

## MAIN AGENDA

## Item No. 1

Report of the Vice Chancellor to the Syndicate

യോഗത്തിലേക്ക് എല്ലാ അംഗങ്ങളേയും സ്വാഗതം ചെയ്യുന്നു.

മലയാള ഭാഷയ്ക്ക് അമൂല്യ സംഭാവന നൽകിയ ഗവേഷകനും പണ്ഡിതനും സംസ്കൃത സർവകലാശാലാ മലയാള വിഭാഗം അധ്യക്ഷനും ആയിരുന്ന

ഡോ.സ്കറിയ സക്കറിയ, പ്രശസ്ത ചിത്രകലാ നിരൂപകനും സർവകലാശാലാ ചിത്രകലാ അധ്യാപകനുമായിരുന്ന ഡോ.വിജയകുമാർ മേനോൻ, പ്രശസ്ത സാഹിത്യകാരന്മാരായിരുന്ന ശ്രീ ടി.പി രാജീവൻ, ശ്രീ സതീഷ് ബാബു പയ്യന്നൂർ, മലയാള ഭാഷാ വികസനത്തിനുവേണ്ടി പ്രവർത്തിച്ചിരുന്ന ശ്രീ. പി. നാരായണമേനോൻ എന്നിവരുടെ നിര്യാണത്തിലും കലാ, രാഷ്ട്രീയ, സാമൂഹിക, സാംസ്കാരിക രംഗത്ത് കർമ്മ നിരതരായിരുന്നവരുടെ നിര്യാണത്തിലും ഈ യോഗം അനുശോചനം രേഖപ്പെടുത്തുന്നു.

12.10.2022 തീയതിയിലെ 203-ാം സിൻഡിക്കേറ്റ് യോഗത്തിനുശേഷം സർവകലാശാലയിലുണ്ടായിട്ടുള്ള പ്രധാനപ്പെട്ട സംഭവങ്ങൾ അംഗങ്ങളുടെ ശ്രദ്ധയിൽപ്പെടുത്തുന്നു.

1. സംസ്കൃത പ്രചരണ വിഭാഗത്തിന്റെ കീഴിലുള്ള ശാസ്ത്രസംവർദ്ധിനി കേന്ദ്രത്തിന്റെ ആഭിമുഖ്യത്തിൽ ശാസ്ത്രബോധിനി പരീക്ഷയെ അടിസ്ഥാനമാക്കി 6 മാസം നീണ്ടുനിൽക്കുന്ന അർദ്ധ സംഗ്രഹ കോഴ്സ് ഓൺലൈനായി നടത്താൻ തീരുമാനിച്ചു. 21.10.2022 ന് തൃപ്പൂണിത്തുറ ഗവൺമെന്റ് സംസ്കൃത കോളേജ് മുൻ വൈസ് പ്രിൻസിപ്പൽ പ്രൊഫ. കൃഷ്ണകുമാർ പ്രസ്തുത കോഴ്സിന്റെ ഉദ്ഘാടനം നിർവഹിച്ചു. ചടങ്ങിൽ ബഹു. വൈസ് ചാൻസലർ അധ്യക്ഷത വഹിച്ചു.
2. 06.10.2022 ന് സർവകലാശാലയുടെ മുഖ്യകേന്ദ്രത്തിൽ വിദ്യാർത്ഥികളും അധ്യാപകരും, അനധ്യാപകരും ചേർന്ന് ലഹരി വിരുദ്ധ മനുഷ്യച്ചങ്ങല തീർത്തു.
3. നവംബർ 01 ന് മലയാള ദിനാചരണത്തിന്റെ ഭാഗമായി സർവകലാശാലാ ഭരണഭാഷാ അവലോകന സമിതിയുടെ നേതൃത്വത്തിൽ ഒരാഴ്ച നീണ്ടുനിൽക്കുന്ന വിവിധ പരിപാടികൾ നടത്തുകയുണ്ടായി. 10.11.2022 ന് മലയാള ഭാഷയുടെ വളർച്ചയ്ക്കും സംരക്ഷണത്തിനുമായി സർവകലാശാലാ ഏർപ്പെടുത്തിയ ഡോ. പ്രദീപൻ പാമ്പിരിക്കുന്ന് സ്മാരക മാതൃഭാഷാ പുരസ്കാരം ഡോ. എം.പി. പരമേശ്വരന് സമ്മാനിച്ചു.
4. സംസ്ഥാന സർക്കാരിന്റെ 2019-2021 കാലയളവിലെ ഇ-ഗവേണൻസിനുള്ള അവാർഡുകളിൽ ഇ-ലേണിംഗ് വിഭാഗത്തിൽ സർവകലാശാലയ്ക്ക് മൂന്നാം സ്ഥാനം ലഭിച്ചു. പ്രസ്തുത അവാർഡ് 03.12.2022 ന് ബഹു. വിദ്യാഭ്യാസ മന്ത്രി ശ്രീ. വി ശിവൻകുട്ടിയിൽ നിന്നും

പ്രോ-വൈസ് ചാൻസലർ ഡോ. കെ. മുത്തുലക്ഷ്മി ഏറ്റുവാങ്ങി. സർവകലാശാലാ ഐ. ക്യൂ. എ. സി യുടെ നേതൃത്വത്തിൽ ഐ. റ്റി വിഭാഗം വികസിപ്പിച്ച എൽ. എം. എസ് പ്ലാറ്റ്ഫോം (Learning Management System) ആണ് അവാർഡിന് അർഹമായത്.

5. സർവകലാശാലയിലെ ചുമർ ചിത്രകലാ പൈതൃക സംരക്ഷണ കേന്ദ്രത്തിന്റെ ആദ്യ സംരംഭമായി കൊച്ചി അന്താരാഷ്ട്ര വിമാനത്താവളത്തിന്റെ ബിസിനസ് ടെർമിനലിന്റെ പ്രവേശന കവാടത്തിന്റെ ഇരുവശങ്ങളിലുമായി കേരളീയ കലകളുടെ ചുമർചിത്രം 19,25,000 രൂപയ്ക്ക് പൂർത്തീകരിക്കുകയും ഈ പ്രവർത്തിയിലൂടെ സർവകലാശാലയ്ക്ക് 3,43,902 രൂപ കൺസൾട്ടൻസി പ്രതിഫലമായി ലഭിക്കുകയും ചെയ്തിട്ടുണ്ടെന്ന കാര്യം അറിയിക്കുന്നു. ഡോ. സാജു ടി.എസിനും പ്രസ്തുത പ്രവർത്തിയിൽ പങ്കാളികളായ പെയിന്റിംഗ് വിഭാഗത്തിലെ വിദ്യാർത്ഥികൾക്കും മുൻ വിദ്യാർത്ഥികൾക്കും അഭിനന്ദനങ്ങൾ.
6. മുൻ വൈസ് ചാൻസലർ ഡോ. ധർമ്മരാജ് അടാട്ടിന്റെ പേരിൽ രൂപീകരിച്ച എൻഡോവ്മെന്റിന്റെ പ്രഥമ പ്രഭാഷണം 01.12.2022 ൽ മുൻ വിദ്യാഭ്യാസ മന്ത്രി ശ്രീ എം.എ ബേബി നിർവഹിച്ചു.
7. ബിരുദ വിദ്യാർത്ഥികൾക്കുള്ള ഇൻഡക്ഷൻ പ്രോഗ്രാം 06.12.2022 ന് സർവകലാശാല മുഖ്യകേന്ദ്രത്തിൽ വച്ച് നടത്തുകയുണ്ടായി.
8. കേന്ദ്ര സംഗീത നാടക അക്കാദമിയുടെ ഉസ്താദ് ബിസ്മില്ലാ ഖാൻ അവാർഡ് ലഭിച്ച മോഹിനിയാട്ടം വകുപ്പിലെ ഗസ്റ്റ് അധ്യാപികയായ ശ്രീമതി അനുപമ മേനോൻ - ന് അഭിനന്ദനങ്ങൾ.
9. 06.12.2022 ന് സർക്കാർ സർവകലാശാലയ്ക്ക് ഈ വർഷം അനുവദിച്ച 3 പ്രോജക്റ്റ് മോഡ് കോഴ്സുകളിൽ ഒന്നായ ആയുർവേദ വിഭാഗം ആരംഭിക്കുന്ന PG Diploma Programme in Active Aging and Wellness Rehabilitation കരിക്കുലം റീസ്ട്രക്ച്ചറിംഗുമായി ബന്ധപ്പെട്ട് വർക്ക്ഷോപ്പ് സംഘടിപ്പിച്ചു.
10. സർവകലാശാലയിലെ വിവിധ അക്കാദമിക വകുപ്പുകളും, ശ്രീ ശങ്കരാചാര്യ അന്താരാഷ്ട്ര പഠന കേന്ദ്രവും ഈ കാലയളവിൽ സെമിനാറുകളും വെബിനാറുകളും ശില്പശാലകളും സംഘടിപ്പിച്ചിട്ടുണ്ട്.

എല്ലാവരുടേയും സഹകരണവും ക്രിയാത്മകമായ നിർദ്ദേശങ്ങളും പ്രതീക്ഷിച്ചുകൊണ്ട് അജൻഡകളിൽമേലുള്ള ചർച്ചകൾക്കായി ഏവരേയും ക്ഷണിച്ചുകൊള്ളുന്നു.

## Item No. 2

Award of Ph.D Degree

a) Smt. Nikhitha Susan Jacob in English [No. EA/PhD/696/SSUS/2021(1)]
b) Sri. Humble Shine in Music [No. EA/PhD/639/SSUS/2019(1)]
c) Sri. Dinesan E. In Malayalam [No. EA/PhD/728/SSUS/2022(1)]
d) Smt. Libina K. Sebastian in Sociology [No. EA/PhD/700/SSUS/2021(1)]
e) Smt. Sreelu Sreepadi in Geography [No. EA/PhD/730/SSUS/2022(1)]
f) Smt. Sabira K.I in English [No. EA/PhD/678/SSUS/2020(1)]

Considering the recommendations of the Board of Adjudicators, constituted to evaluate Ph.D thesis, and the Standing Committee on Examination held on 16.11.2022, it is resolved to award Ph.D to following Research Scholars on the date of Viva Voce held as noted against each.

| Sl. No. | Name | Faculty | Date of Viva Voce |
|---|---|---|---|
| 1. | Smt. Nikhitha Susan Jacob | Faculty of Foreign Languages | 27.10.2022 |
| 2. | Sri. Humble Shine | Faculty of Arts & Social Sciences | 19.10.2022 |
| 3. | Sri. Dinesan E | Faculty of Indian Languages | 27.09.2022 |
| 4. | Smt. Libina K Sebastian | Faculty of Arts & Social Sciences | 11.07.2022 |
| 5. | Smt. Sreelu Sreepadi | Faculty of Science, Technology and Education | 10.11.2022 |
| 6. | Smt. Sabira K.I | Faculty of Foreign Languages | 14.11.2022 |

1. Smt. Nikhitha Susan Jacob in English under the Faculty of Foreign Languages for the Ph.D thesis titled **“Remedial Programme for Integrated Language Skills Development Using Multimedia at Tertiary Level”** under the guidance of Dr. R. Bindu, Associate Professor, Department of English, SSUS, RC, Panmana.

2. Sri. Humble Shine in Music under the Faculty of Arts and Social Sciences for the Ph.D thesis titled **“Need of Vocological Training for Carnatic Vocal Music Students – An Experimental Study”** under the guidance of Dr. Manju Gopal, Associate Professor, Department of Music, SSUS, Kalady.

3. Sri. Dinesan E. in Malayalam under the Faculty of Indian Languages for the Ph.D thesis titled **“നാട്ടുകൂട്ടായ്മകളുടെ ആധുനികീകരണം - കൊയിലാണ്ടി ദേശത്തെ ആസ്പദമാക്കിയുള്ള സംസ്കാര വിശകലനം”** under the guidance of Dr. P. Pavithran, Professor, Department of Malayalam, SSUS, RC, Tirur.

4. Smt. Libina K. Sebastian in Sociology under the Faculty of Arts & Social Sciences for the Ph.D thesis titled **“Situating Media in the Development of Consumerism Among Adivasis of Wayanad – A Comparative Analysis of Kurichiya and Kuruman”** under the guidance of Dr. Dilip K.G, Professor (Rtd), Department of Sociology.

5. Smt. Sreelu Sreepadi in Geography under the Faculty of Science, Technology and Education for the Ph.D thesis titled **“An Analysis of Landscape and Land Use Changes in the Coastal Zone of Kozhikode District, Kerala”** under the guidance of Dr. Lancelet T.S., Professor, Department of Geography, SSUS, Kalady.

6. Smt. Sabira K.I. in English under the Faculty of Foreign Languages for the Ph.D thesis titled **“Balancing Science and Nature in the Select Novels of Elizabeth Gilbert, Susan M. Gaines, Francesca Lia Block and T.C. Boyle”** under the guidance of Dr. N. Jenny Rappai, Professor (Rtd.), Department of English, SSUS, Kalady.

## Item No. 3

ടൈപ്പ് വൺ പ്രമേഹബാധിതരായ വിദ്യാർത്ഥികൾക്ക് പരീക്ഷാ വേളയിൽ ഇൻസുലിൻ പമ്പ്, ഇൻസുലിൻ പെൻ, ഷുഗർ ടാബ്ലെറ്റ്, വെള്ളം, ചോക്ലേറ്റ് കാൻഡി, പഴങ്ങൾ, സ്നാക്ക്സ് എന്നിവ കൈവശം സൂക്ഷിക്കാനുള്ള അനുമതി നൽകുന്നത്- സംബന്ധിച്ച്. [No.00171 / ACDB2 / SSUS / 2022 (1)]

16.11.2022 ലെ പരീക്ഷാ സ്ഥിരം സമിതിയുടെ ശുപാർശ പരിഗണിച്ച്, ടൈപ്പ് വൺ പ്രമേഹബാധിതരായ വിദ്യാർത്ഥികൾക്ക് പരീക്ഷാ വേളയിൽ ടൈപ്പ് വൺ പ്രമേഹബാധിതരാണെന്നുള്ള സർട്ടിഫിക്കറ്റിന്റെയോ മെഡിക്കൽ രേഖയുടേയോ അടിസ്ഥാനത്തിൽ ഇൻസുലിൻ പമ്പ്, ഇൻസുലിൻ പെൻ, ഷുഗർ ടാബ്ലെറ്റ്, വെള്ളം, ചോക്ലേറ്റ് കാൻഡി, പഴങ്ങൾ, സ്നാക്ക്സ് എന്നിവ കൈവശം സൂക്ഷിക്കാനുള്ള അനുമതി നൽകിയ 05.10.2022 തീയതിയിലെ 1470/022/HEDN നമ്പർ (സാധാ) സർക്കാർ ഉത്തരവ് സർവകലാശാലയിൽ നടപ്പിലാക്കാൻ തീരുമാനിച്ചു.

## Item No. 4

2021-22 അക്കാദമിക വർഷത്തെ എം.എസ്.ഡബ്ല്യൂ/എം.എഫ്.എ/പി.ജി ഡിപ്ലോമ/ഡിപ്ലോമ എന്നീ കോഴ്സുകളുടെയും, 2022 വർഷത്തിൽ എം.ഫിൽ പൂർത്തിയാക്കിയ 2019/2020 അഡ്മിഷൻ വിദ്യാർത്ഥികളുടെയും പരീക്ഷാഫലം അംഗീകരിക്കുന്നതും ഡിഗ്രി അവാർഡ് ചെയ്യുന്നതും - സംബന്ധിച്ച്. (No. E.D/11607/SSUS/2018)

16.11.2022 ലെ പരീക്ഷാ സ്ഥിരം സമിതിയുടെ ശുപാർശ പരിഗണിച്ച്, 2021-22 അക്കാദമിക വർഷത്തെ എം.എസ്.ഡബ്ല്യൂ /എം.എഫ്.എ /പി.ജി ഡിപ്ലോമ / ഡിപ്ലോമ എന്നീ കോഴ്സുകളുടെയും, 2022 വർഷത്തിൽ എം.ഫിൽ പൂർത്തിയാക്കിയ 2019/2020 അഡ്മിഷൻ വിദ്യാർത്ഥികളുടെ പരീക്ഷാഫലം അംഗീകരിക്കാനും, പ്രസ്തുത വിദ്യാർത്ഥികളുടെ ഡിഗ്രി അവാർഡ് ചെയ്യുന്നതിന് അക്കാദമിക് കൗൺസിലിനോട് ശിപാർശ ചെയ്യാനും തീരുമാനിച്ചു.

## Item No.5

Application for recognition as Research Guide in Painting from Dr. Saju T.S, Assistant Professor, Dept. of Painting, SSUS, Main Centre, Kalady – consideration of – reg. (No. Acd.A2/9862/SSUS/2020)

Considering the recommendations of the Standing Committee on Academic & Research held on 28.10.2022, it is resolved to grant Research Guideship in Painting to Dr. Saju T.S, Assistant Professor, Dept. of Painting, SSUS, Main Centre, Kalady.

## Item No. 6

2017 അഡ്മിഷൻ ബി.എഫ്.എ വിദ്യാർത്ഥികളായ അനുരാഗ് ടി.പി, വിഷ്ണു എം മണി എന്നിവർക്ക് 2020 ബാച്ചിന്റെ ആറാം സെമസ്റ്ററിൽ പുന:പ്രവേശനം നൽകി ആറാം സെമസ്റ്ററിലെ കോഴ്സുകൾ പൂർത്തീകരിക്കുന്നതിന് അനുമതി നൽകുന്നത് - സംബന്ധിച്ച്. (No. 16110/Acd.B2/2017/SSUS)

28.10.2022 ലെ അക്കാദമിക് & റിസർച്ച് സ്ഥിരം സമിതിയുടെ ശുപാർശ പരിഗണിച്ച്, 2017 അഡ്മിഷൻ ബി.എഫ്.എ വിദ്യാർത്ഥികളായ അനുരാഗ് ടി.പി, വിഷ്ണു എം മണി എന്നിവർക്ക് പ്രവേശനം സംബന്ധിച്ച എല്ലാ നിബന്ധനകളും പാലിച്ചുകൊണ്ട് 2020 ബാച്ചിന്റെ ആറാം സെമസ്റ്ററിൽ പുന:പ്രവേശനം നൽകി ആറാം സെമസ്റ്ററിലെ കോഴ്സുകൾ പൂർത്തീകരിക്കുന്നതിന് അനുമതി നൽകാൻ തീരുമാനിച്ചു.

## Item No. 7

പന്മന പ്രാദേശിക കേന്ദ്രം 2019 അഡ്മിഷൻ എം.എ സംസ്കൃതം വേദാന്തം വിദ്യാർത്ഥി നിഖിൽ എസ്-ന് 4-ാം സെമസ്റ്ററിലേക്ക് പുന:പ്രവേശനം നൽകുന്നത് - സംബന്ധിച്ച്. (No. 2061/Acd.B2/2022/SSUS(S.F)

28.10.2022 ലെ അക്കാദമിക് & റിസർച്ച് സ്ഥിരം സമിതിയുടെ ശുപാർശ പരിഗണിച്ച്, പന്മന പ്രാദേശിക കേന്ദ്രം 2019 അഡ്മിഷൻ എം.എ സംസ്കൃതം വേദാന്തം വിദ്യാർത്ഥി നിഖിൽ എസ്-ന് വകുപ്പുമേധാവിയുടെ ശിപാർശയുടെ

അടിസ്ഥാനത്തിൽ എം.എ സംസ്കൃതം വേദാന്തം പ്രോഗ്രാമിന്റെ 4-ാം സെമസ്റ്ററിലേക്ക് പുന:പ്രവേശനം നൽകാൻ തീരുമാനിച്ചു.

## Item No. 8

പി.എച്ച്.ഡി കോഴ്സ് വർക്ക് ചെയ്യുന്നതിനുള്ള അനുമതി - സംബന്ധിച്ച്. (No. Acd.A1/7300/SSUS/2020)

ഉറുദു ഗവേഷണ പഠന വകുപ്പിലെ ഗവേഷകനായ ശ്രീ. ഉസ്മാൻ കെ.യ്ക്ക് ഈ വർഷം പ്രവേശനം നേടുന്ന ഗവേഷകരോടൊപ്പം കോഴ്സ് വർക്ക് ചെയ്യുന്നതിനുള്ള അനുമതി നൽകാൻ തീരുമാനിച്ചു. കൂടാതെ ഗവേഷണമാർഗ്ഗദർശി എന്ന നിലയിൽ ഡോ. അത്താവുള്ള ഖാന്റെ വീഴ്ചകളെക്കുറിച്ച് അന്വേഷണം നടത്തി റിപ്പോർട്ട് സമർപ്പിക്കാൻ അക്കാദമിക് & റിസർച്ച് സ്ഥിരം സമിതിയെ ചുമതലപ്പെടുത്താനും തീരുമാനിച്ചു.

## Item No. 9

ബിരുദ കോഴ്സുകളിലേക്കുള്ള ഉയർന്ന പ്രായപരിധിയിൽ മാറ്റം വരുത്തുന്നത് - സംബന്ധിച്ച്. (No. Acd.C2/8998/SSUS/2022)

ബിരുദ കോഴ്സുകളിലേക്കുള്ള പ്രവേശനത്തിന്റെ ഉയർന്ന പ്രായപരിധിയിൽ മാറ്റം വരുത്തുന്നത് സംബന്ധിച്ച് വിശദമായി പഠിച്ച് റിപ്പോർട്ട് സമർപ്പിക്കാൻ അക്കാദമിക് & റിസർച്ച് സ്ഥിരം സമിതിയെ ചുമതലപ്പെടുത്താൻ തീരുമാനിച്ചു.

## Item No. 10

ശ്രീ. സതീഷ് കുമാർ കെ.എ – അച്ചടക്ക നടപടി - ഹിയറിംഗ് നോട്ട് സമർപ്പിക്കുന്നത് - സംബന്ധിച്ച്. (No. Ad.A1/2932/SSUS/2019)

നിയമോപദേശം നേടാൻ തീരുമാനിച്ചു. ഇതിലേയ്ക്കായി വിശദമായ നോട്ട് തയ്യാറാക്കാൻ സർവകലാശാലയുടെ ലീഗൽ സെല്ലിനെ ചുമതലപ്പെടുത്താനും തീരുമാനിച്ചു.

## Item No. 11

മലയാളം വകുപ്പ് പ്രൊഫസർ ഡോ. ഷാജി ജേക്കബ് നൽകിയ റിട്ട് പെറ്റീഷനിൻ മേൽ 18.07.2022 - ലെ ഹൈക്കോടതി വിധി WP(C)13018/2014 അടിസ്ഥാനത്തിൽ ടിയാൾക്കെതിരെയുള്ള ശിക്ഷാനടപടി - തീരുമാനം കൈക്കൊള്ളുന്നത് - സംബന്ധിച്ച്. (No. 2167/Ad.A3/SSUS/2016)

നിയമോപദേശം തേടിയതിനുശേഷം തുടർ നടപടികൾ സ്വീകരിക്കാൻ തീരുമാനിച്ചു.

## Item No. 12

അസിസ്റ്റന്റ് എഞ്ചിനീയർ (ഇലക്ട്രിക്കൽ) തസ്തികയിൽ ജോലി ചെയ്യുന്ന ശ്രീ. റഷീദ് പി.എസ് ന് പ്രൊബേഷൻ കാലയളവ് 08.04.2022 വരെ ദീർഘിപ്പിച്ച് നൽകൽ - സിൻഡിക്കേറ്റിന്റെ പരിഗണനയ്ക്കായി സമർപ്പിക്കുന്നത് - സംബന്ധിച്ച്. (No. Ad.C/13540/SSUS/2011)

31.10.2022 ലെ സ്റ്റാഫ് & ലീഗൽ സ്ഥിരം സമിതിയുടെ ശിപാർശ പരിഗണിച്ച് അസിസ്റ്റന്റ് എഞ്ചിനീയർ (ഇലക്ട്രിക്കൽ) തസ്തികയിൽ ജോലി ചെയ്യുന്ന ശ്രീ. റഷീദ് പി.എസ് ന്റെ പ്രൊബേഷൻ കാലയളവ് അവസാന വകുപ്പ്തല പരീക്ഷ നടന്ന 08/04/2022 തീയതി വരെ ദീർഘിപ്പിച്ച് നൽകാൻ തീരുമാനിച്ചു.

## Item No. 13

താൽക്കാലിക നിയമനങ്ങളുമായി ബന്ധപ്പെട്ട എ.ജി. ഓഡിറ്റ് തടസ്സവാദത്തിന്റെ അടിസ്ഥാനത്തിൽ തുടർനടപടികൾ സ്വീകരിക്കുന്നതിനായി തയ്യാറാക്കിയ ജീവനക്കാരുടെ ജോലിഭാരം സംബന്ധിച്ച റിപ്പോർട്ട് - സംബന്ധിച്ച്. (No. Ad.B3/10718/ SSUS/2021)

31.10.2022 ലെ സ്റ്റാഫ് & ലീഗൽ സ്ഥിരം സമിതിയുടെ ശിപാർശ പരിഗണിച്ച് താഴെ പറയുന്നവ അംഗീകരിക്കാൻ തീരുമാനിച്ചു.

a) പുതിയതായി ജോലിയിൽ പ്രവേശിച്ച സ്ഥിരം പി.ടി.എസ് ജീവനക്കാരുടെ അത്രയും എണ്ണം ദിവസവേതന ക്ലീനിംഗ് ജോലിക്കാരെ ജോലിയിൽ നിന്നും ഒഴിവാക്കുന്നതിനുള്ള അടിയന്തിര നടപടികൾ സ്വീകരിക്കുക.

b) ദിവസവേതന ജീവനക്കാരെ ജോലിയിൽ നിന്നും ഒഴിവാക്കുന്നതിന് കൃത്യമായ മാനദണ്ഡം രൂപീകരിക്കുക. മാനദണ്ഡം രജിസ്ട്രാർ തലത്തിൽ നിശ്ചയിക്കാവുന്നതാണ്. ജോലി ചെയ്യുന്നതിന് ആരോഗ്യപ്രശ്നങ്ങൾ ഉള്ള ദിവസവേതനക്കാരെ ഒഴിവാക്കാവുന്നതാണ്.

c) സർവകലാശാലയിലെ ഭരണ വിഭാഗത്തിൽ നിലവിലുള്ള ഓരോ തസ്തികയുടെയും (സ്ഥിരം തസ്തികകളും താത്ക്കാലിക തസ്തികകളും ഉൾപ്പെടെ) പട്ടികയുണ്ടാക്കുക. ഓരോ തസ്തികയുടെയും Sanctioned Post, നിലവിൽ ജോലി ചെയ്യുന്ന സ്ഥിരം ജീവനക്കാരുടെ എണ്ണം, താത്ക്കാലിക ജീവനക്കാരുടെ എണ്ണം എന്നിവ പട്ടികയിൽ ഉൾപ്പെടുത്തുക. ഓരോ തസ്തികയിലും ജോലി ചെയ്യുന്ന താത്ക്കാലിക ജീവനക്കാരുടെ പേരും അവർ ആദ്യമായി ജോലിയിൽ പ്രവേശിച്ച തീയതിയും ഉൾപ്പെടെയുള്ള പട്ടികയും തയ്യാറാക്കുക.

d) ഓരോ തസ്തികയിലും താത്ക്കാലിക ജീവനക്കാരുടെ പാനൽ ഉണ്ടാക്കുക. ഈ പാനലിൽ നിന്ന് സർക്കാർ മാനദണ്ഡങ്ങൾ പാലിച്ച്, റൊട്ടേഷൻ അടിസ്ഥാനത്തിൽ 89 ദിവസത്തിൽ കൂടാത്ത കാലയളവിലേക്ക് നിയമനം നടത്തുക.

e) ഓരോ തസ്തികയിലേക്കും പാനൽ തയ്യാറാക്കിയ ശേഷം നിലവിലുള്ള ദിവസവേതന / കരാർ ജീവനക്കാരെ ജോലിയിൽ നിന്നും ഒഴിവാക്കാവുന്നതാണ്.

f) പി.ടി.എസ് ജീവനക്കാർക്ക് അധിക വേതനം നൽകി ഓഫീസ് അറ്റൻഡന്റ് -ന്റെ ഡ്യൂട്ടി കൂടി നൽകി കൂടുതലുള്ള ദിവസവേതന ഓഫീസ് അറ്റൻഡന്റുമാരെ ഒഴിവാക്കാവുന്നതാണ്.

## Item No. 14

തിരൂർ പ്രാദേശിക കേന്ദ്രത്തിലെ ഓഫീസ് അറ്റന്റന്റ് ശ്രീ. കൃഷ്ണകുമാർ ടി കെ യുടെ കോവിഡ് കാലഘട്ടത്തിലെ ഹാജർ ക്രമീകരിക്കുന്നത് - സംബന്ധിച്ച്. (No. Ad.B/6737/SSUS/2020)

31.10.2022 ലെ സ്റ്റാഫ് & ലീഗൽ സ്ഥിരം സമിതിയുടെ ശിപാർശ പരിഗണിച്ച്, ഗുരുതര രോഗബാധിതർക്ക് പ്രത്യേകം ആനുകൂല്യങ്ങൾ അനുവദിച്ച് പുറപ്പെടുവിച്ച സർക്കാർ ഉത്തരവുകളുടെ അടിസ്ഥാനത്തിൽ തിരൂർ പ്രാദേശിക കേന്ദ്രത്തിലെ ഓഫീസ് അറ്റന്റന്റ് ശ്രീ. കൃഷ്ണകുമാർ ടി.കെ യ്ക്ക് താഴെ പറയുന്ന കാലയളവുകൾ പ്രത്യേക ആകസ്മിക അവധിയായി അനുവദിക്കാൻ തീരുമാനിച്ചു.

1. 20.03.2020 മുതൽ 21.09.2020 വരെയുള്ള കാലയളവ്
2. 24.04.2021 മുതൽ 07.05.2021 വരെയുള്ള കാലയളവ്
3. 03.06.2021 മുതൽ 17.06.2021 വരെയുള്ള കാലയളവ്

കൂടാതെ പ്രാദേശിക കേന്ദ്രത്തിൽ ജോലിയ്ക്ക് ഹാജരാകാതിരുന്ന ബാക്കിയുള്ള 198 ദിവസങ്ങളിൽ 16.02.2022 ലെ സർക്കാർ ഉത്തരവും തിരൂർ പ്രാദേശിക കേന്ദ്രം ഡയറക്ടറുടെ ശിപാർശയും പരിഗണിച്ച് വർക്ക് ഫ്രം ഹോം ആയി അനുവദിക്കാനും തീരുമാനിച്ചു.

## Item No. 15

അസിസ്റ്റന്റ് ശ്രീമതി. അനുശ്രീ എൽ. എസ് - ന്റെ അന്യത്ര സേവനകാലാവധി ദീർഘിപ്പിച്ച് നൽകിയത് - സംബന്ധിച്ച്. (No. Ad.B/2183/SSUS/2022)

ശ്രദ്ധിച്ചു.

## Item No. 16

സർവകലാശാലയിലെ വിവിധ വകുപ്പുകളിൽ അധ്യാപകരെ ടീച്ചർ ഇൻ ചാർജ് ആയി നിയമിച്ചത് - റിപ്പോർട്ട് ചെയ്യുന്നത് - സംബന്ധിച്ച്. (No.Ad.A1/15458/SSUS/2022)

ശ്രദ്ധിച്ചു.

**Item No. 17**

Ratification of engaging of Sri. Keith Varghese, Advocate and Smt. Vibha Datta Makhija, Senior Advocate in SLP 17549 – 17553 filed against judgment dated 25.07.2022 in Writ Appeal No. 96, 98, 206, 325 & 352/2022 – Reg. (No. LGLS/5764/2011/SSUS)

In connection with the filing of the SLP before the Hon'ble Supreme Court of India, the Syndicate resolved to ratify the following actions of the Vice Chancellor:-

1. Engaging Sri. Keith Varghese, Advocate and Smt. Vibha Datta Makhija, Senior Advocate on behalf of University for filing SLP before the Hon'ble Supreme Court of India with total fee structure of Rs. 2,35,000/- including fee and expenses.

2. The payment of total fee and expenditure Rs. 2,35,000/- to Sri. Keith Varghese, Advocate and Smt. Vibha Datta Makhija, Senior Advocate.

**Item No. 18**

ഭിന്നശേഷി സ്കോളർഷിപ്പിന്റെ പേര് ACCESS SCHOLARSHIP എന്നാക്കി മാറ്റുന്നത് - സംബന്ധിച്ച്. (No. Acd.C2/3407/SSUS/2020)

സർവകലാശാലയിലെ ഭിന്നശേഷി വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് അനുവദിക്കുന്നതിനായി രൂപീകരിച്ച കമ്മറ്റിയുടെ 24.03.2022 ൽ കൂടിയ യോഗത്തിന്റെ ശിപാർശ പരിഗണിച്ച് ഭിന്നശേഷി വിദ്യാർത്ഥികൾക്കായി നൽകുന്ന സ്കോളർഷിപ്പിന്റെ പേര് ACCESS SCHOLARSHIP എന്നാക്കുവാൻ തീരുമാനിച്ചു.

## Item No. 19
കൊയിലാണ്ടി പ്രാദേശിക കേന്ദ്രം കെട്ടിടത്തിന്റെ ചോർച്ച പരിഹരിക്കുന്ന പ്രവൃത്തികൾ - സംബന്ധിച്ച്. (No. Eng / 8556 / SSUS / 2022)

11.11.2022 ലെ വർക്ക്സ് & പർച്ചേയ്സ് സ്ഥിരം സമിതിയുടെ ശിപാർശ പരിഗണിച്ച്, കൊയിലാണ്ടി പ്രാദേശിക കേന്ദ്രം കെട്ടിടത്തിന്റെ ചോർച്ച പരിഹരിക്കുന്നതിനായി സ്വീകരിച്ച നടപടികൾ സംബന്ധിച്ച റിപ്പോർട്ട് ശ്രദ്ധിച്ചു.

## Item No. 20
ശ്രീ. പ്രിയദർശൻ ഐ. യുടെ പ്രബന്ധത്തിന്റെ ശീർഷകം രേഖപ്പെടുത്തിയതിലെ തെറ്റ് - സംബന്ധിച്ച്. [No. EA/PhD/716/SSUS/2021(1)]

12.10.2022 ലെ 203-ാമത് സിൻഡിക്കേറ്റ് മിനിറ്റ്സിലെ മുഖ്യ അജണ്ട ഇനം 2(a) തീരുമാനത്തിലെ ശ്രീ. പ്രിയദർശൻ ഐ. യുടെ പ്രബന്ധത്തിന്റെ ശീർഷകം രേഖപ്പെടുത്തിയതിലെ തെറ്റ് തിരുത്തുന്നതിന് ബഹു വൈസ് ചാൻസലർ സ്വീകരിച്ച നടപടി അംഗീകരിച്ചു.

## Item No. 21
അക്കാദമിക് ഡെവലപ്മെന്റ് & എക്സ്റ്റൻഷൻ പ്രോഗ്രാം (ADEP) ഫണ്ട് - അംഗീകരിക്കുന്നത് - സംബന്ധിച്ച്. (No. Acd.C1/7186/SSUS/2022)

04.11.2022 ന് നടന്ന അക്കാദമിക് ഡെവലപ്മെന്റ് & എക്സ്റ്റൻഷൻ പ്രോഗ്രാം (ADEP) കമ്മിറ്റിയുടെ യോഗ നടപടി ചുരുക്കം അംഗീകരിക്കാനും 8 ADEP പ്രൊപ്പോസലുകൾക്കായി ആകെ 1,80,000/- രൂപ അനുബന്ധം I പ്രകാരം അനുവദിക്കാനും തീരുമാനിച്ചു.

# ADDITIONAL AGENDA

## Item No. 1

Award of Ph.D Degree

a) Sri. Sreekesh M.K in Sanskrit Vyakarana [No. EA/PhD/723/SSUS/2021(1)]
b) Smt. Kalachandran T. In Malayalam [No. EA/PhD/711/SSUS/2021(1)]
c) Smt. Rakhi Clement in Hindi [No. EA/PhD/733/SSUS/2022(1)]
d) Sri. Akhil C.M. in Sanskrit Vedanta [No. EA/PhD/738/SSUS/2022(1)]
e) Smt. Jalaja P.S in Sanskrit Sahitya [No. EA/PhD/720/SSUS/2021(1)]
f) Smt. Gopika G in Sanskrit Sahitya [No. EA/PhD/745/SSUS/2022(1)]

Considering the recommendatons of the Board of Adjudicators constituted to evaluate Ph.D thesis and the Standing Committee on Examination held on 06.12.2022, the Syndciate has resolved to award Ph.D to following Research Scholars on the date of Viva Voce held as noted against each.

| Sl.No. | Name | Faculty | Date of Viva Voce |
|---|---|---|---|
| a) | Sri. Sreekesh M.K | Faculty of Sanskrit Grammar | 17.11.2022 |
| b) | Smt. Kalachandran T. | Faculty of Indian Languages | 17.11.2022 |
| c) | Smt. Rakhi Clement | Faculty of Indian Languages | 30.11.2022 |
| d) | Sri. Akhil C.M. | Faculty of Indian Metaphysics | 24.11.2022 |
| e) | Smt. Jalaja P.S | Faculty of Sanskrit Literature | 30.11.2022 |
| f) | Smt. Gopika G | Faculty of Sanskrit Literature | 02.12.2022 |

a) Sri. Sreekesh M.K in Sanskrit Vyakarana under the Faculty of Sanskrit Grammar for the Ph.D thesis titled **"Linguistic Study of Cāndogyopaniṣad"** under the guidance of Dr. R.D. Sunil Kumar, Professor, Department of Sanskrit Vyakarana, SSUS, Kalady.

b) Smt. Kalachandran T in Malayalam under the Faculty of Indian Languages for the Ph.D thesis titled **"പരപ്പനാട് - ചരിത്രവും സംസ്കാരവും"**

under the guidance of Dr. Dileepkumar K.V., Professor (Rtd.), Department of Malayalam, SSUS, Kalady.

c) Smt. Rakhi Clement in Hindi under the Faculty of Indian Languages for the Ph.D thesis titled **"Premchand ki Kahaniyom ke Natyaroopantar: Ek Vishleshanatmak Adhyayan"** under the guidance of Dr. Moosa M., Professor, Department of Hindi, SSUS, RC, Tirur.

d) Sri. Akhil C.M in Sanskrit Vedanta under the Faculty of Indian Metaphysics for the Ph.D thesis titled **"Bhagavadgītā – A Study Based on Gītārthasaṁgraha of Abhinavagupta"** under the guidance of Dr. K. Muthulekshmi, Professor, Department of Sanskrit Vedanta, SSUS, MC, Kalady.

e) Smt. Jalaja P.S in Sanskrit Sahitya under the Faculty of Sanskrit Literature for the Ph.D thesis titled **"Ramapancasati of Unnayivariyar : A Critical Study"** under the guidance of Dr. V.R. Muralidharan, Professor (Rtd.), Department of Sanskrit Sahitya.

f) Smt. Gopika G. in Sanskrit Sahitya under the Faculty of Sanskrit Literature for the Ph.D thesis titled **"Buddhist Sūtra Literature – A Study with Special Reference to Saddharmapuṇḍarīka"** under the guidance of Dr. T. Mini, Professor, SSUS, Department of Sanskrit Sahitya, SSUS, Kalady.

## Item No. 2

തുല്യതാ സർട്ടിഫിക്കറ്റിനുള്ള ഫീസ് പുന:പരിശോധിക്കുന്നത് - സംബന്ധിച്ച്. (No.Acd.C2/11085/SSUS/2022)

02.12.2022 ന് ചേർന്ന ഫിനാൻസ് സ്ഥിരം സമിതിയുടെ ശിപാർശ അംഗീകരിച്ച് നിലവിലെ സ്ഥിതി തുടരാൻ തീരുമാനിച്ചു.

## Item No. 3

പി.എച്ച്.ഡി ഗവേഷകർക്ക് നാലാം വർഷം ഫെല്ലോഷിപ്പ് അനുവദിക്കുന്നത് - സംബന്ധിച്ച്. (No.Acd.A2/13351/SSUS/2019)

നിലവിലെ സാമ്പത്തിക അവസ്ഥ പരിഗണിച്ച് പി.എച്ച്.ഡി ഗവേഷകർക്ക് നാലാം വർഷം ഫെല്ലോഷിപ്പ് നൽകുന്നത് തൽക്കാലം പരിഗണിക്കേണ്ടതില്ല എന്നും തീരുമാനിച്ചു. ഇതുമായി ബന്ധപ്പെട്ട് അനുഭാവപൂർവ്വമായ നടപടികൾ സ്വീകരിക്കാൻ സർക്കാരിലേക്ക് വിശദമായി കത്ത് അയക്കാനും തീരുമാനിച്ചു.

## Item No. 4

ഭരതനാട്യ വിഭാഗത്തിൽ നാല് സർട്ടിഫിക്കറ്റ് പ്രോഗ്രാമുകൾ ആരംഭിക്കുന്നതിനുള്ള പ്രൊപ്പോസലുകൾ സമർപ്പിക്കുന്നത് - സംബന്ധിച്ച്. (No.Acd.B1/12887/SSUS/2022)

28.10.2022 ലെ അക്കാദമിക് & റിസർച്ച് സ്ഥിരം സമിതിയുടെയും 02.12.2022 ലെ ഫിനാൻസ് സ്ഥിരം സമിതിയുടെയും ശിപാർശ അംഗീകരിച്ച് ഭരതനാട്യം വിഭാഗം വകുപ്പ് മേധാവി സമർപ്പിച്ച താഴെ പറയുന്ന നാല് സർട്ടിഫിക്കറ്റ് പ്രോഗ്രാമുകളുടെ പ്രൊപ്പോസൽ അക്കാദമിക് കൗൺസിലിന്റെ പരിഗണനയ്ക്ക് സമർപ്പിക്കാൻ ശിപാർശ ചെയ്തു.

1. Nattuvanga Prayogam in Bharathanatyam
2. Abhinaya Sangeetham
3. Abhinayapaadam
4. Basic Knowledge of Bharathanatyam

## Item No.5

മിനിമം 10 വിദ്യാർത്ഥികൾ ഇല്ലാത്ത കേന്ദ്രങ്ങളിലെ കുട്ടികൾക്ക് സ്റ്റുഡന്റ്ഷിപ്പ് കൊടുത്ത് അവരെ മറ്റു കേന്ദ്രങ്ങളിലേക്ക് മാറ്റുന്നത് - സംബന്ധിച്ച്. [No.00266/ACDB2/SSUS/2022(1)]

സ്റ്റുഡന്റ്ഷിപ്പിന്റെ മാനദണ്ഡങ്ങൾ തീരുമാനിയ്ക്കാനായി അക്കാദമിക് & റിസർച്ച്, ഫിനാൻസ് സ്ഥിരം സമിതികളെ ചുമതലപ്പെടുത്താൻ തീരുമാനിച്ചു.

## Item No. 6

സെമസ്റ്റർ അവധി ഒഴിവാക്കിയപ്പോൾ അദ്ധ്യാപകർക്ക് ആർജ്ജിതാവധി ക്രെഡിറ്റ് ചെയ്ത് നൽകുന്നത് - സംബന്ധിച്ച്. (No. Ad.A1/2396 / SSUS / 2018)

സെമസ്റ്റർ അവധി ഒഴിവാക്കിയപ്പോൾ അദ്ധ്യാപകർക്ക് ആർജ്ജിതാവധി ക്രെഡിറ്റ് ചെയ്ത് നൽകുന്നത് സംബന്ധിച്ച് നിവേദനം സമർപ്പിച്ച അധ്യാപക സംഘടനയായ ASSUT പ്രതിനിധികളുമായി 31.10.2022 ലെ സ്റ്റാഫ് ആന്റ് ലീഗൽ സ്ഥിരം സമിതി നടത്തിയ ചർച്ചയുടെ അടിസ്ഥാനത്തിൽ സെമസ്റ്റർ അവധി നിഷേധിക്കപ്പെട്ടതിനാൽ ആർജ്ജിതാവധി ക്രെഡിറ്റ് ചെയ്ത് നൽകണമെന്നാവശ്യപ്പെട്ടു കൊണ്ട് ഓരോ അധ്യാപകരും വെവ്വേറെ അപേക്ഷ വകുപ്പ് മേധാവി / ക്യാമ്പസ് ഡയറക്ടർ വഴി സമർപ്പിക്കേണ്ടതാണെന്ന് നിർദ്ദേശം നൽകാൻ തീരുമാനിച്ചു.

## Item No. 7

ഐടി വിഭാഗം സീനിയർ പ്രോഗ്രാമർ, സിസ്റ്റം അനലിസ്റ്റ്, പ്രോഗ്രാമർ എന്നിവർക്ക് ശമ്പള വർദ്ധനവ് അനുവദിക്കൽ തീരുമാനത്തിനായി സമർപ്പിക്കുന്നത് - സംബന്ധിച്ച്. (No. Ad.C/6000/SSUS/2019)

പരിഗണിക്കേണ്ടതില്ല എന്ന് തീരുമാനിച്ചു.

## Item No. 8

Payment on bills related to pending files submitted by Sri. Prasanth S., Standing Counsel of the University – Reg. (No. LGLS/14721/2016/SSUS)

Considering the recommendation of Finance Standing Committee held on 02.12.2022, the Syndicate resolved to approve the Payment of Rs. 2,89,000/- to Sri. Prasanth S., former Standing Counsel of the University.

## Item No. 9

ശ്രീശങ്കരാചാര്യ അന്താരാഷ്ട്രപഠനകേന്ദ്രത്തിന്റെ 2022-23 സാമ്പത്തിക വർഷത്തെ കർമ്മപദ്ധതികളും ബജറ്റും അംഗീകരിക്കുന്നത് - സംബന്ധിച്ച്. (No.ISSS/6536/SSUS/2017)

02.12.2022 ന് ചേർന്ന ഫിനാൻസ് സ്ഥിരം സമിതിയുടെ ശിപാർശ അംഗീകരിച്ച് ശ്രീശങ്കരാചാര്യ അന്താരാഷ്ട്രപഠനകേന്ദ്രത്തിന്റെ 2022-23 സാമ്പത്തിക വർഷത്തെ കർമ്മപദ്ധതികളും ബജറ്റും സർവകലാശാല ബജറ്റിൽ അനുവദിച്ചിട്ടുള്ള തുകയിൽ പരിമിതപ്പെടുത്തി സമർപ്പിക്കുന്നതിന് നിർദ്ദേശിക്കാൻ തീരുമാനിച്ചു. ശ്രീശങ്കരാചാര്യ അന്താരാഷ്ട്രപഠനകേന്ദ്രത്തിന്റെ വിവിധ പരിപാടികളിലെ റിസോഴ്സ് പേഴ്സണെ, പ്രോ-വൈസ് ചാൻസലറുടെ അറിവോടെ മാത്രമേ തീരുമാനിക്കാവൂ എന്ന് നിർദ്ദേശിക്കാനും തീരുമാനിച്ചു.

## Item No. 10

സർവകലാശാല ലൈബ്രറി കെട്ടിടത്തിൽ സ്ഥാപിച്ചിട്ടുള്ള ഇലക്ട്രിക് കൺട്രോൾ പാനൽ മാറ്റി പുതിയത് സ്ഥാപിക്കുന്നത് - സംബന്ധിച്ച്. (No. Eng / 1471 / SSUS / 2022)

സർവകലാശാല ലൈബ്രറി കെട്ടിടത്തിൽ സ്ഥാപിച്ചിട്ടുള്ള ഇലക്ട്രിക് കൺട്രോൾ പാനൽ മാറ്റി പുതിയത് സ്ഥാപിക്കുന്നതുമായി ബന്ധപ്പെട്ട് 02.11.2022 ന് ചേർന്ന ഇലക്ട്രിക്കൽ ടെക്നിക്കൽ കമ്മിറ്റിയുടെയും യഥാക്രമം 11.11.2022, 02.12.2022 തീയതികളിലായി നടന്ന വർക്ക്സ് & പർച്ചേയ്സ്, ഫിനാൻസ് സ്ഥിരം സമിതികളുടെയും ശിപാർശകൾ പരിഗണിച്ച് താഴെ പറയുന്നവ അംഗീകരിക്കാൻ തീരുമാനിച്ചു.

1. അസിസ്റ്റന്റ് എഞ്ചിനീയർ ഇലക്ട്രിക്കൽ തയ്യാറാക്കി സമർപ്പിച്ച DSR 2018 പ്രകാരമുള്ള 3,51,000/- രൂപയുടെ എസ്റ്റിമേറ്റ് അംഗീകരിക്കുക.

2. ബന്ധപ്പെട്ട പ്രവൃത്തികൾ ദർഘാസുകൾ ക്ഷണിച്ച് നിർവ്വഹിക്കുന്നതിനുള്ള ഭരണാനുമതി നൽകുക.
3. സാങ്കേതികാനുമതി നൽകുന്നതിന് സർവകലാശാല എഞ്ചിനീയറെ ചുമതലപ്പെടുത്തുക.

## Item No. 11

സർവകലാശാല മുഖ്യ കേന്ദ്രത്തിലെ അക്കാദമിക് ബ്ലോക്ക് II, യൂട്ടിലിറ്റി കെട്ടിടം എന്നിവിടങ്ങളിൽ ഓരോ ലിഫ്റ്റ് സ്ഥാപിക്കുന്നതുമായി ബന്ധപ്പെട്ട ഇലക്ട്രിക്കൽ പ്രവൃത്തികളുടെ എസ്റ്റിമേറ്റ് അംഗീകരിച്ച് ഭരണാനുമതി ലഭ്യമാക്കുന്നത് - സംബന്ധിച്ച്. (No. Engg/9256/SSUS/2022)

02.11.2022 ന് ചേർന്ന ഇലക്ട്രിക്കൽ ടെക്നിക്കൽ കമ്മിറ്റിയുടെയും യഥാക്രമം 11.11.2022, 02.12.2022 തീയതികളിലായി നടന്ന വർക്ക്സ് & പർച്ചേയ്സ്, ഫിനാൻസ് സ്ഥിരം സമിതികളുടെയും ശിപാർശകൾ പരിഗണിച്ച് താഴെ പറയുന്നവ അംഗീകരിക്കാൻ തീരുമാനിച്ചു.

1. ലിഫ്റ്റ് നിർമ്മാണവുമായി ബന്ധപ്പെട്ട ഇലക്ട്രിക്കൽ പ്രവൃത്തികൾക്കായി GST കൂടാതെ 27,11,864/- രൂപയുടെ എസ്റ്റിമേറ്റും GST ഉൾപ്പെടെ 32,00,000/- (GST 18% - 4,88,136/-) രൂപയുടെ എസ്റ്റിമേറ്റ് അംഗീകരിച്ച് ഭരണാനുമതി നൽകുക.
2. ഇ-ദർഘാസുകൾ ക്ഷണിച്ച് പ്രവൃത്തി നിർവ്വഹിക്കുന്നതിനുള്ള അനുമതി നൽകുക. 5 വർഷത്തെ സൗജന്യ സർവ്വീസ് വാറന്റിയും അതിന് ശേഷം AMC യിൽ ഏർപ്പെടുകയാണെങ്കിൽ തുടർന്നുള്ള വർഷങ്ങളിൽ AMC യുടെ Tentative Charge കൂടി ഉൾപ്പെടുത്തിക്കൊണ്ട് ടെണ്ടർ നോട്ടിഫിക്കേഷൻ ഇറക്കണമെന്നും നിർദ്ദേശിച്ചു.
3. സാങ്കേതികാനുമതി നൽകുന്നതിന് സർവകലാശാല എഞ്ചിനീയറെ ചുമതലപ്പെടുത്തുക.

## Item No. 12

ഫൈൻ ആർട്സ് കോംപ്ലക്സ് രണ്ടാം ഘട്ടം- ഇലക്ട്രിക്കൽ പ്രവർത്തികൾ സപ്ലിമെന്ററി എസ്റ്റിമേറ്റിന് അംഗീകാരം- സംബന്ധിച്ച്. (No. Engg/10596/SSUS/2017)

02.11.2022 ന് ചേർന്ന ഇലക്ട്രിക്കൽ ടെക്നിക്കൽ കമ്മിറ്റിയുടെയും യഥാക്രമം 11.11.2022, 02.12.2022 തീയതികളിലായി നടന്ന വർക്ക്സ് & പർച്ചേയ്സ്, ഫിനാൻസ് സ്ഥിരം സമിതികളുടെയും ശിപാർശകൾ പരിഗണിച്ച് ഫൈൻ ആർട്സ് കോംപ്ലക്സ് രണ്ടാം ഘട്ട നിർമ്മാണത്തിന്റെ ഇലക്ട്രിക്കൽ പ്രവൃത്തികളുടെ 3,65,895/- രൂപയുടെ സപ്ലിമെന്ററി എസ്റ്റിമേറ്റ് അംഗീകരിക്കുന്നതിനും ടി പ്രവൃത്തി കരാറുകാരനായ ശ്രീ. ബിജു ടി ബേബിയ്ക്ക് എസ്റ്റിമേറ്റിനേക്കാൾ 14.5 % കുറവ് നിരക്കിൽ അനുവദിക്കുന്നതിനും തീരുമാനിച്ചു.

## Item No. 13

സർവകലാശാലയിൽ പുതിയ സ്ട്രീറ്റ് ലൈറ്റുകൾ സ്ഥാപിക്കലും തകരാറിലായവ റിപ്പയർ ചെയ്യുന്നതും - സംബന്ധിച്ച്. (No. Engg/16127/SSUS/2019)

02.12.2022 തീയതിയിൽ നടന്ന ഫിനാൻസ് സ്ഥിരം സമിതിയുടെ ശിപാർശ പരിഗണിച്ച് നിലവിലുള്ള വൈദ്യുതി ഉപയോഗത്തിന്റെ വിശദാംശങ്ങൾ, സർവ്വകലാശാലയിൽ സ്ഥാപിച്ചിട്ടുള്ള സൗരോർജ്ജ പാനലുകളിൽ നിന്നുള്ള ഉൽപാദനം എന്നിവ സംബന്ധിച്ച വിശദമായ റിപ്പോർട്ട് സമർപ്പിക്കുവാൻ നിർദ്ദേശം നൽകാൻ തീരുമാനിച്ചു.

## Item No. 14

സർവകലാശാലാ മുഖ്യ കേന്ദ്രത്തിൽ സിയാൽ ധനസഹായത്തോടെ ആംഫി തീയേറ്റർ നിർമ്മാണം - അധിക അളവുകൾ, ഇനം എന്നിവയുടെ അംഗീകാരം - സംബന്ധിച്ച്. (No. Engg/13842/SSUS/2022)

11.11.2022 ന് ചേർന്ന വർക്ക്സ് & പർച്ചേയ്സ് സ്ഥിരം സമിതിയുടേയും, 02.12.2022 ന് ചേർന്ന ഫിനാൻസ് സ്ഥിരം സമിതിയുടെയും ശിപാർശകൾ പരിഗണിച്ച് സർവകലാശാല മുഖ്യ കേന്ദ്രത്തിൽ സിയാൽ ധനസഹായത്തോടെ

നിർമ്മിക്കുന്ന ആംഫി തീയേറ്ററിന്റെ അധിക അളവുകൾ, ഇനം എന്നിവ സംബന്ധിച്ച് താഴെ പറയുന്നവ അംഗീകരിക്കാൻ തീരുമാനിച്ചു.

1. അപ്രൂവ്ഡ് ഡ്രോയിംഗ് പ്രകാരമുള്ള ട്രസ്സ് വർക്ക് ചെയ്യുന്നതിനായി കോസ്റ്റ് ഫോർഡ് സമർപ്പിച്ചിരിക്കുന്ന 5,08,862/- രൂപയുടെ എസ്റ്റിമേറ്റ് അംഗീകരിച്ച് പ്രസ്തുത ഇനം അധിക ഇനമായി നിർവ്വഹിക്കുന്നതിന് കോസ്റ്റ് ഫോർഡിന് അനുമതി നൽകുക.
2. ട്രസ്സ് വർക്ക് ചെയ്യുന്നതിനായി കോസ്റ്റ് ഫോർഡ് സമർപ്പിച്ചിരിക്കുന്ന ഡിസൈൻ പരിശോധിച്ച് സർവകലാശാലയുടെ കൺസൾട്ടന്റ് ആർക്കിടെക്റ്റിന്റെ സ്ട്രക്ച്ചറൽ എഞ്ചിനീയർ നൽകിയ റിപ്പോർട്ട് കോസ്റ്റ് ഫോർഡിന് കൈമാറി അതിൻപ്രകാരം നിർവ്വഹിക്കുന്നതിനുള്ള നിർദ്ദേശം നൽകുക.
3. ഇഷ്ടിക പണി ചെയ്യുന്നതിനായി 5.5 M3 അധിക അളവിന് 48,159/- രൂപയുടെ എസ്റ്റിമേറ്റ് അംഗീകരിച്ച് അനുമതി നൽകുക.
4. ഇലക്ട്രിക്കൽ പ്രവൃത്തികൾ നിർവ്വഹിക്കുന്നതിനായി തയ്യാറാക്കിയിരിക്കുന്ന 1,34,500/- രൂപയുടെ എസ്റ്റിമേറ്റ് അംഗീകരിച്ച് ദർഘാസ് ക്ഷണിച്ച് പ്രവൃത്തി നിർവ്വഹിക്കുന്നതിന് അനുമതി നൽകുക.
5. ആംഫി തീയറ്ററിലേയ്ക്ക് ആവശ്യമായ പെർഫോമൻസ് ലൈറ്റുകൾക്കും അനുബന്ധ ഉപകരണങ്ങൾക്കുമായി സമർപ്പിച്ചിരിക്കുന്ന 1,70,000/- രൂപയുടെ എസ്റ്റിമേറ്റ് അംഗീകരിക്കുക.

## Item No. 15

സർവകലാശാല മുഖ്യ കേന്ദ്രത്തിലെ അക്കാദമിക് ബ്ലോക്ക് II, യൂട്ടിലിറ്റി കെട്ടിടം എന്നിവിടങ്ങളിൽ ഓരോ ലിഫ്റ്റ് സ്ഥാപിക്കുന്നതിനുള്ള സിവിൽ പ്രവൃത്തികളുടെ എസ്റ്റിമേറ്റ് അംഗീകരിച്ച് ഭരണാനുമതി ലഭ്യമാക്കുന്നത് - സംബന്ധിച്ച്. (No. Engg/9256/SSUS/2022)

03.10.2022 ന് ചേർന്ന ടെക്നിക്കൽ കമ്മിറ്റി (സിവിൽ) യുടെയും യഥാക്രമം 11.11.2022, 02.12.2022 തീയതികളിലായി നടന്ന വർക്ക്സ് & പർച്ചേയ്സ്, ഫിനാൻസ് സ്ഥിരം സമിതികളുടെയും ശിപാർശകൾ പരിഗണിച്ച് താഴെ പറയുന്നവ അംഗീകരിക്കാൻ തീരുമാനിച്ചു.

1. ലിഫ്റ്റ് ഷാഫ്റ്റ് നിർമ്മാണവുമായി ബന്ധപ്പെട്ട സിവിൽ പ്രവൃത്തികൾക്കായി 24,50,000/- രൂപയുടെ (GST അടക്കം 28,89,155/- രൂപ) എസ്റ്റിമേറ്റ് അംഗീകരിച്ചുകൊണ്ട് ഭരണാനുമതി നൽകുക.
2. ഇ-ടെണ്ടർ മുഖേന പ്രവൃത്തി നിർവഹിക്കുന്നതിനുള്ള അനുമതി നൽകുക.
3. സാങ്കേതികാനുമതി നൽകുന്നതിന് സർവകലാശാല എഞ്ചിനീയറെ ചുമതലപ്പെടുത്തുക.

## Item No. 16

പർച്ചേസുമായി ബന്ധപ്പെട്ട് ടെക്നിക്കൽ കമ്മിറ്റി രൂപീകരിക്കൽ - പ്രായോഗിക ബുദ്ധിമുട്ടുകൾ റിപ്പോർട്ട് ചെയ്യൽ - സിൻഡിക്കേറ്റ് തീരുമാനം പുന:പരിശോധിക്കുന്നത് പരിഗണനയ്ക്കായി സമർപ്പിക്കുന്നത് - സംബന്ധിച്ച്. (No. 2993/Estate3/SSUS/2022)

പർച്ചേസുമായി ബന്ധപ്പെട്ട് ടെക്നിക്കൽ കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. ആയതിനാൽ ഈ ഐറ്റം പിൻവലിക്കുന്നു.

## Item No. 17

സർവകലാശാല വെബ്സെന്ററിലേക്ക് Medium End Intel Core i3, 4 GB RAM Desktop കമ്പ്യൂട്ടർ ₹ 42,407/- നിരക്കിൽ 8 എണ്ണം ₹ 3,39,256/- രൂപ എസ്റ്റിമേറ്റ് അംഗീകരിച്ച് CPRCS വഴി വാങ്ങൽ ഭരണാനുമതി നൽകുന്നത് - സംബന്ധിച്ച്. (No. 15965/Est1/SSUS/2021)

സർവകലാശാല വെബ്സെന്ററിലേക്ക് Medium End Intel Core i3, 4 GB RAM Desktop കമ്പ്യൂട്ടർ ₹ 42,407/- നിരക്കിൽ 8 എണ്ണം വാങ്ങുന്നതിന് ₹ 3,39,256/- രൂപയുടെ എസ്റ്റിമേറ്റ് അംഗീകരിക്കാനും CPRCS മുഖേന വാങ്ങുന്നതിനുള്ള ഭരണാനുമതി നൽകാനും തീരുമാനിച്ചു.

**Item No. 18**

2021-22 സാമ്പത്തിക വർഷത്തെ വാർഷിക കണക്കുകൾ തയ്യാറാക്കിയത് - സംബന്ധിച്ച്. [No. 1908/Fin & Accts/A.A. 2021-22/SSUS/2022(1)]

02.12.2022 തീയതിയിൽ നടന്ന ഫിനാൻസ്, അക്കൗണ്ട്സ് & ഓഡിറ്റ് സ്ഥിരം സമിതിയുടെയും 07.12.2022 ന് രാവിലെ 10.30 മണിയ്ക്ക് നടന്ന സ്റ്റാറ്റ്യൂട്ടറി ഫിനാൻസ് കമ്മിറ്റിയുടെയും ശിപാർശകൾ പരിഗണിച്ച് 2021-22 സാമ്പത്തിക വർഷത്തെ വരവുചെലവു കണക്കുകൾ തയ്യാറാക്കിയത് അംഗീകരിക്കാൻ തീരുമാനിച്ചു.

**Item No. 19**

പി.എഫ് നിക്ഷേപം - 2022 ഒക്ടോബർ 1 മുതൽ 2022 ഡിസംബർ 31 വരെയുള്ള കാലയളവിലെ പലിശമാറ്റം വരുത്തുന്നത് - സംബന്ധിച്ച്. (No. Bill A/5408/Rate of Interest/SSUS PF/2020)

02.12.2022 തീയതിയിൽ നടന്ന ഫിനാൻസ്, അക്കൗണ്ട്സ് & ഓഡിറ്റ് സ്ഥിരം സമിതിയുടെ ശിപാർശ പരിഗണിച്ച് 01.10.2022 മുതൽ 31.12.2022 വരെ സർവകലാശാല ഭവിഷ്യനിധി അക്കൗണ്ടിലുള്ള ജീവനക്കാരുടെ നിക്ഷേപങ്ങൾ ക്ക് പലിശ നിരക്ക് നിശ്ചയിച്ചുകൊണ്ടുള്ള 25.10.2022 ലെ സ.ഉ.(അച്ചടി) നമ്പർ 130/2022/ധന നമ്പർ സർക്കാർ ഉത്തരവ് സർവകലാശാലയിൽ നടപ്പിൽ വരുത്തിയ ബഹു. വൈസ് ചാൻസലറുടെ നടപടി സാധൂകരിക്കാൻ തീരുമാനിച്ചു.

**Item No. 20**

ഫിനാൻസ് ഓട്ടോമേഷനുമായി ബന്ധപ്പെട്ട് NIC യുമായി ഏർപ്പെട്ട കരാർ ഒരു വർഷത്തേക്ക് നീട്ടുന്നതിനെയും ഇതിനായി NIC നിയമിക്കുന്ന പ്രൊജക്ട് എഞ്ചിനീയറുടെ ശമ്പളം സർവകലാശാല അക്കൌണ്ടിൽ നിന്നും നേരിട്ട് നൽ കുന്നതിനെയും സംബന്ധിച്ച്. (No. Accts/12362/SSUS/2019)

02.12.2022 തീയതിയിൽ നടന്ന ഫിനാൻസ്, അക്കൗണ്ട്സ് & ഓഡിറ്റ് സ്ഥിരം സമിതിയുടെ ശിപാർശ പരിഗണിച്ച്, ഫിനാൻസ് ഓട്ടോമേഷനുമായി ബന്ധപ്പെട്ട്

NIC യുമായി ഏർപ്പെട്ട കരാർ 2022 നവംബർ 1 മുതൽ 2023 ഒക്ടോബർ 31 വരെ ഒരു വർഷ കാലത്തേയ്ക്ക് കൂടി നീട്ടുവാനും ഇതിനായി NIC നിയമിക്കുന്ന പ്രൊജക്ട് എഞ്ചിനീയറുടെ ശമ്പളം 25000/- രൂപ പ്രതിമാസം സർവകലാശാല അക്കൌണ്ടിൽ നിന്നും നേരിട്ട് നൽകുവാനും അനുമതി നൽകിയ ബഹു. വൈസ് ചാൻസലറുടെ നടപടി സാധൂകരിക്കാൻ തീരുമാനിച്ചു.

## Item No. 21

2021-22 ലെ യൂണിവേഴ്സിറ്റി യൂണിയൻ കലോത്സവത്തിന്റെ നടത്തിപ്പിന് ചെലവായ അധിക തുക തിരികെ ലഭിക്കണമെന്ന അപേക്ഷ പരിഗണിക്കുന്നത് - സംബന്ധിച്ച്. (No. SSC 2/5267/SSUS/2021-22)

2021-22 ലെ യൂണിവേഴ്സിറ്റി യൂണിയൻ കലോത്സവത്തിന്റെ നടത്തിപ്പിന് ഇന്റേണൽ ഓഡിറ്റ് ശിപാർശ ചെയ്ത അധിക തുകയായ 1,66,557/- രൂപ അനുവദിക്കാൻ തീരുമാനിച്ചു. ഇതിനുള്ള ബജറ്റ് ശീർഷകം ഫിനാൻസ് ഓഫീസർ തീരുമാനിക്കേണ്ടതാണ്. കൂടാതെ സർവകലാശാല കലോത്സവങ്ങളുടെ മാന്വൽ പരിഷ്കരിക്കുവാൻ ഡോ. സി.എം. മനോജ്കുമാർ, ഡോ. പി. ഉണ്ണികൃഷ്ണൻ (ഡിഎസ്എസ്), യൂണിവേഴ്സിറ്റി യൂണിയൻ ചെയർമാൻ എന്നിവർ ഉൾപ്പെട്ട ഒരു കമ്മറ്റി രൂപീകരിക്കാനും തീരുമാനിച്ചു.

## Item No. 22

Double Main, Triple Main ബിരുദ പ്രോഗ്രാമുകൾ, Interdisciplinary PG പ്രോഗ്രാമുകൾ എന്നീ പ്രോഗ്രാമുകൾ ആരംഭിക്കുന്നതുമായി ബന്ധപ്പെട്ട് രൂപീകരിച്ച കമ്മിറ്റി പുന:സംഘടിപ്പിച്ചത് സിൻഡിക്കേറ്റിൽ റിപ്പോർട്ട് ചെയ്യുന്നത് - സംബന്ധിച്ച്. (No. Acd.B1/7038/SSUS/2020)

Double Main, Triple Main ബിരുദ പ്രോഗ്രാമുകൾ, Interdisciplinary PG പ്രോഗ്രാമുകൾ എന്നീ പ്രോഗ്രാമുകൾ ആരംഭിക്കുന്നതുമായി ബന്ധപ്പെട്ട് രൂപീകരിച്ച കമ്മിറ്റി പുന:സംഘടിപ്പിച്ച ബഹു. വൈസ് ചാൻസലറുടെ നടപടി അംഗീകരിക്കാൻ തീരുമാനിച്ചു.

## Item No. 23

എം.എ. മ്യൂസിയോളജി 2020 അഡ്മിഷൻ വിദ്യാർത്ഥികളുടെ 4-ാം സെമസ്റ്റർ ക്ലാസ്സുകൾ 2020 ന് പകരം 2022 എന്ന് വർഷത്തിൽ വന്ന പിശക് സിൻഡിക്കേറ്റിൽ സാധൂകരിക്കുന്നത് - സംബന്ധിച്ച്. (No. Acd.B1/4406/SSUS/2020)

23.08.2022 ലെ 202-ാമത് സിൻഡിക്കേറ്റ് യോഗ നടപടി ചുരുക്കം ഇനം നമ്പർ 28 ൽ അക്കാദമിക വർഷം രേഖപ്പെടുത്തിയതിൽ വന്ന തെറ്റ് സിൻഡിക്കേറ്റ് സാധൂകരണത്തിന് വിധേയമായി തിരുത്തി ഉത്തരവു പുറപ്പെടുവിച്ച ബഹു. വൈസ് ചാൻസലറുടെ നടപടി സാധൂകരിക്കാൻ തീരുമാനിച്ചു.

## Item No. 24

2019 അഡ്മിഷൻ എംഎസ്സി സൈക്കോളജി വിദ്യാർത്ഥിനി ഷംസിയ കെ. എച്ച് - ന് 2021-2023 ബാച്ചിന്റെ കൂടെ ഇന്റേൺഷിപ്പ് പൂർത്തീകരിക്കാൻ അനുമതി നൽകുന്നത് - സംബന്ധിച്ച്. (No. 5309/Acd.B2/2021/SSUS)

2019 അഡ്മിഷൻ എംഎസ്സി സൈക്കോളജി വിദ്യാർത്ഥിനി ഷംസിയ കെ. എച്ച്. - ന് വകുപ്പ് മേധാവിയുടെ ശിപാർശ, ഹാജരാക്കിയ മെഡിക്കൽ റിപ്പോർട്ട് എന്നിവയുടെ അടിസ്ഥാനത്തിൽ 2021-2023 ബാച്ചിന്റെ കൂടെ ഇന്റേൺഷിപ്പ് പൂർത്തീകരിക്കുന്നതിന് റീ അപ്പിയറൻസ് അനുമതി നൽകാൻ തീരുമാനിച്ചു.

## Item No. 25

ഇ-ഗ്രാന്റ്സ് ആനുകൂല്യം ലഭിക്കുന്നതിനായി പരീക്ഷാ ഫീസിൽ വ്യക്തത വരുത്തിയത് - സിൻഡിക്കേറ്റിലേക്ക് റിപ്പോർട്ട് ചെയ്യുന്നത് - സംബന്ധിച്ച്. (No. Acd.C2/4687/SSUS/2021)

റിപ്പോർട്ട് ശ്രദ്ധിച്ചു.

## Item No. 26

സർവകലാശാലയിൽ ചുമർചിത്രകലാ പൈതൃക സംരക്ഷണകേന്ദ്രം (SSUS Centre for Preservation and Promotion of Mural Arts & Cultural Heritage – SSUS C-MACH) സ്ഥാപിതമായത് - സംബന്ധിച്ച്. (No. Pl.D/14130/SSUS/2022)

സർവകലാശാലയിൽ ഫൈൻ ആർട്സ് കൺസോഷ്യത്തിന്റെ കീഴിൽ സംസ്കൃത സർവകലാശാല ചുമർചിത്രകലാ പൈതൃക സംരക്ഷണകേന്ദ്രം (SSUS Centre for Preservation and Promotion of Mural Arts & Cultural Heritage – SSUS C-MACH) സ്ഥാപിക്കുവാനും ടി കേന്ദ്രത്തിന്റെ ഡയറക്ടറായി ചിത്രകലാ വിഭാഗം അസിസ്റ്റന്റ് പ്രൊഫസറായ ഡോ. സാജു ടി.എസ്-നെ നിയോഗിക്കാനും ഉത്തരവ് പുറപ്പെടുവിക്കുകയും ടി കേന്ദ്രത്തിന്റെ നടത്തിപ്പിനായി ഒരു ഉപദേശ സമിതി രൂപീകരിക്കുകയും ചെയ്ത ബഹു. വൈസ് ചാൻസലറുടെ നടപടി അംഗീകരിക്കാൻ തീരുമാനിച്ചു.

## Item No. 27

ഡോ. കെ.എം. സംഗമേശന്റെ സസ്പെൻഷൻ കാലയളവ് ക്രമീകരിക്കുന്നത് - സിൻഡിക്കേറ്റ് തീരുമാനത്തിൽ സ്പഷ്ടീകരണം തേടുന്നത് - സംബന്ധിച്ച്. (No. Ad.A1/8335/SSUS/2021)

മൂന്നാം സെമസ്റ്റർ എം.എ സംസ്കൃതം സാഹിത്യം പരീക്ഷയുടെ ഉത്തരക്കടലാസ് കാണാതായ വിഷയത്തിൽ, 12.10.2022 ൽ ചേർന്ന 203-ാമത് സിൻഡിക്കേറ്റ് സംസ്കൃതം സാഹിത്യ വിഭാഗം പ്രൊഫസർ ഡോ. കെ.എം. സംഗമേശനെ കുറ്റവിമുക്തനായി തീരുമാനിച്ചുപ്രകാരം കെ.എസ്.ആർ ഭാഗം I ചട്ടം 56 (B), Sub Rule 3, 4 പ്രകാരമുള്ള ശമ്പളവും ആനുകൂല്യങ്ങളും അനുവദിക്കാൻ തീരുമാനിച്ചു. 12.10.2022 ൽ ചേർന്ന 203-ാം സിൻഡിക്കേറ്റ് യോഗത്തിന്റെ മിനിറ്റ്സിൽ അഡീഷണൽ അജണ്ട ഇനം 1 ൽ "സംസ്കൃത സാഹിത്യ വിഭാഗത്തിലെ ഉത്തരക്കടലാസുകൾ കാണാതായതുമായി ബന്ധപ്പെട്ട് 14.07.2021 ൽ രൂപീകരിച്ച അന്വേഷണ കമ്മിറ്റി സമർപ്പിച്ച അന്തിമ റിപ്പോർട്ട് അംഗീകരിയ്ക്കാൻ തീരുമാനിച്ചു" എന്നു കൂടി കൂട്ടിചേർക്കാൻ തീരുമാനിച്ചു.

## Item No. 28

കാലടി മുഖ്യകേന്ദ്രം - ഫിലോസഫി വകുപ്പ്, അസിസ്റ്റന്റ് പ്രൊഫസർ ഡോ. ആർ. ഷർമ്മിള-യുടെ റെഗുലറൈസേഷനുമായി ബന്ധപ്പെട്ട ഓഡിറ്റ് തടസ്സവാദം - കരട് മറുപടി അംഗീകാരത്തിന് സമർപ്പിക്കുന്നത് - സംബന്ധിച്ച്. (No. Ad.A2/7889/SSUS/2011)

ഫിലോസഫി വകുപ്പ്, അസിസ്റ്റന്റ് പ്രൊഫസർ ഡോ. ആർ. ഷർമ്മിള-യുടെ റെഗുലറൈസേഷനുമായി ബന്ധപ്പെട്ട ഓഡിറ്റ് തടസ്സവാദം സംബന്ധിച്ച് തയ്യാറാക്കിയ കരട് മറുപടി അംഗീകരിക്കാൻ തീരുമാനിച്ചു.

## Item No. 29

കൊയിലാണ്ടി പ്രാദേശിക കേന്ദ്രം ഉർദു വകുപ്പ് പ്രൊഫസർ ഡോ. കെ.സി. അതാവുള്ളഖാൻ ഓഫീസ് പ്രവർത്തന സമയത്ത് അതിക്രമവും, അച്ചടക്കവിരുദ്ധവും നടത്തിയതിന് കൈക്കൊള്ളുന്ന അച്ചടക്കനടപടി, സസ്പെൻഷൻ - സിൻഡിക്കേറ്റ് സാധൂകരണം - സംബന്ധിച്ച്. (No. Ad.A3/17291/SSUS/2022)

കൊയിലാണ്ടി പ്രാദേശിക കേന്ദ്രം ഉർദു വകുപ്പ് പ്രൊഫസർ ഡോ. കെ.സി. അതാവുള്ളഖാൻ ഓഫീസ് പ്രവർത്തന സമയത്ത് നടത്തിയ അച്ചടക്ക ലംഘനത്തിന് അന്വേഷണ വിധേയമായി ടിയാനെ ഉടൻ പ്രാബല്യത്തിൽ സസ്പെൻഡ് ചെയ്ത ബഹു. വൈസ് ചാൻസലറുടെ നടപടി സാധൂകരിക്കാൻ തീരുമാനിച്ചു. കൂടാതെ ഡോ. കെ.സി. അതാവുള്ളഖാൻ -ന് എതിരെയുള്ള ചാർജ്ജ് മെമ്മോ, കുറ്റാരോപണ പത്രിക എന്നിവയുടെ കരട് അംഗീകരിക്കാനും ഇതുമായി ബന്ധപ്പെട്ട അന്വേഷണം നടത്തി റിപ്പോർട്ട് സമർപ്പിക്കാൻ ഡോ. ആർ. ശശിധരൻ (കൺവീനർ), ഡോ. പി.വി. രാമൻകുട്ടി, ഡോ. ശിവദാസൻ. പി എന്നിവരടങ്ങുന്ന കമ്മറ്റിയെ നിയോഗിക്കാനും തീരുമാനിച്ചു.

## Item No. 30

സർവകലാശാലയിൽ ചുമർചിത്രകലാ പൈതൃക സംരക്ഷണകേന്ദ്രം (SSUS Centre for Preservation and Promotion of Mural Arts & Cultural Heritage – SSUS C-MACH) മുഖേന കൊച്ചി അന്താരാഷ്ട്ര വിമാനത്താവളത്തിൽ ചുമർചിത്രം ആലേഖനം ചെയ്തത് - സംബന്ധിച്ച്. (No. Pl.D/14130/SSUS/2022)

സർവകലാശാലയിൽ ചുമർചിത്രകലാ പൈതൃക സംരക്ഷണകേന്ദ്രം (SSUS Centre for Preservation and Promotion of Mural Arts & Cultural Heritage – SSUS C-MACH) മുഖേന കൊച്ചി അന്താരാഷ്ട്ര വിമാനത്താവളത്തിൽ ചുമർചിത്രം ആലേഖനം ചെയ്തത് സംബന്ധിച്ച് കൈക്കൊണ്ട നടപടികൾ അംഗീകരിക്കാനും സാധൂകരിക്കാനും തീരുമാനിച്ചു.

## OUT OF AGENDA

## Item No. 1

28.11.2022 ൽ കൂടിയ അക്കാദമിക് റീ സ്ട്രക്ചറിംഗ് കമ്മിറ്റി തയ്യാറാക്കിയ നയസമീപന രേഖയും, അക്കാദമിക പ്രോഗ്രാമുകൾ പുന:സംഘടിപ്പിക്കുന്നതിനുള്ള പ്രൊപ്പോസലും അംഗീകരിക്കുവാനും, സർവകലാശാല സമൂഹത്തിലെ വിവിധ വിഭാഗങ്ങളുമായി (അധ്യാപകർ, അനധ്യാപകർ, വിദ്യാർത്ഥികൾ, വിരമിച്ചവർ) ചർച്ച ചെയ്ത് അവരിൽ നിന്നും ലഭിയ്ക്കുന്ന അഭിപ്രായങ്ങൾ / നിർദ്ദേശങ്ങൾ കൂടി ഉൾപ്പെടുത്തി നടപ്പാക്കേണ്ട പുന:സംഘനാ പദ്ധതി സിൻഡിക്കേറ്റിന്റെ പരിഗണനയ്ക്കായി സമർപ്പിക്കാനും തീരുമാനിച്ചു.

യോഗം 2.00 pm ന് അവസാനിച്ചു.

**ഒപ്പ്** **ഒപ്പ്**

**രജിസ്ട്രാർ** **വൈസ് ചാൻസലർ**